# إرشـــاد الأئـــمـة

تحت إشراف الأمانة عرفة للثقافة والخيرية، نلكزى، ارناكلم، كيرلا
(Arafa Cultural & Charitable Trust, Nellikuzhi. Ernakulam)
للأستاذ المولوي سي. اي. موسي الباقوي القاسمي : ٩٤٤٧٤٦٥٦٤٨
الإتصال: شمير الباقوي، ٩٤٩٥١٩٠٨٩٥

**തീയതി: 25/05/2018.**

**വിഷയം: “ മണ്ണിലും വിണ്ണിലും ബദ്‌രീങ്ങൾ തന്നെ ”**

وَإِذْ يَعِدُكُمُ اللَّهُ إِحْدَى الطَّائِفَتَيْنِ أَنَّهَا لَكُمْ وَتَوَدُّونَ أَنَّ غَيْرَ ذَاتِ الشَّوْكَةِ تَكُونُ لَكُمْ وَيُرِيدُ اللَّهُ أَنْ يُحِقَّ الْحَقَّ بِكَلِمَاتِهِ وَيَقْطَعَ دَابِرَ الْكَافِرِينَ ﴿انفال: ٧﴾

- ഇന്ന് റമളാൻ 16. അസ്തമയത്തോടെ 17-ാം രാവിലേക്ക് പ്രവേശിക്കും. നാളെ 17. ഇതുപോലെ ഒരു 17നായിരുന്നു ബദ്ർ അരങ്ങേറിയത്.
- 13 വർഷത്തെ കടുത്ത പീഡനങ്ങൾ സഹിക്കാനാവാതെ നബി(സ്വ) യും സ്വഹാബത്തും മദീനയിൽ എത്തി. എന്നാൽ അവിടെയും ജീവിക്കാൻ അനുവദിക്കാതെ ഖുറൈശികൾ ദ്രോഹം തുടർന്നു. 1) മുനാഫിഖായ ഉബയ്യ്ബ്നു സലൂലിനെ കൂട്ടുപിടിച്ച് നബി(സ്വ)യെ പുറത്താക്കാൻ ശ്രമം. 2) മദീനയുടെ അതിർത്തികളിൽ കൃഷി, ആടുമാടുകളെ നശിപ്പിക്കാൻ ശ്രമം.
- ഇങ്ങനെ പരദേശത്തും ജീവിക്കാൻ അനുവദിക്കാത്ത മക്കാമുശ്രിക്കുകൾക്കെതിരെ ചില നീക്കങ്ങൾക്ക് അല്ലാഹു നിർദ്ദേശം നൽകി.

وَإِذْ يَعِدُكُمُ اللَّهُ إِحْدَى الطَّائِفَتَيْنِ أَنَّهَا لَكُمْ وَتَوَدُّونَ أَنَّ غَيْرَ ذَاتِ الشَّوْكَةِ تَكُونُ لَكُمْ وَيُرِيدُ اللَّهُ أَنْ يُحِقَّ الْحَقَّ بِكَلِمَاتِهِ وَيَقْطَعَ دَابِرَ الْكَافِرِينَ ﴿انفال: ٧﴾

ഈ ആയത്തിൽ നിന്ന് 3 കാര്യങ്ങൾ വ്യക്തമാകും.

1) നിലനിൽപ്പിനായി രണ്ടാൽ ഒരു സംഘത്തെ കീഴ്പ്പെടുത്തിത്തരാം. *ഒന്നിരിക്കൽ ശാമിൽ നിന്ന് മടങ്ങി വരുന്ന അബൂസുഫ്‌യാന്റെ യാത്രാസംഘം. അതുവഴി മക്കക്കാരുമായി നിർബന്ധിത കരാറിൽ ഏർപ്പെടാം. അങ്ങനെ സമാധാനമായി ജീവിക്കാം. ഇക്കാര്യം ഉലമാക്കൾ വിവരിച്ചിട്ടുണ്ട്. *അല്ലെങ്കിൽ മക്കത്തെ ശിർക്കീ നേതൃത്വത്തെ ഒന്നാകെ കീഴടക്കിത്തരാം.
2) എന്നാൽ മക്കക്കാരുമായി ഒരു ഏറ്റുമുട്ടൽ ഒഴിവാക്കി താരതമ്യേന പ്രയാസരഹിതമായ വിധം അബൂസുഫ്‌യാന്റെ കച്ചവടസംഘത്തെ കീഴ്പ്പെടുത്തിക്കിട്ടാനാണ് മുസ്‌ലിം പക്ഷം ആഗ്രഹിച്ചത്.

وَتَوَدُّونَ أَنَّ غَيْرَ ذَاتِ الشَّوْكَةِ تَكُونُ لَكُمْ

3) പക്ഷേ അല്ലാഹുവിന്റെ നിശ്ചയം ദീനിന്റെ സംസ്ഥാപനവും കുഫ്റിന്റെ അടിവേരറുക്കലുമായിരുന്നു.

وَيُرِيدُ اللَّهُ أَنْ يُحِقَّ الْحَقَّ بِكَلِمَاتِهِ وَيَقْطَعَ دَابِرَ الْكَافِرِينَ* لِيُحِقَّ الْحَقَّ وَيُبْطِلَ الْبَاطِلَ وَلَوْ كَرِهَ الْمُجْرِمُونَ ﴿انفال: ٨،٧﴾

അല്ലാഹുവിന്റെ ഈ നിശ്ചയത്തിന്റെ ഭാഗമായി കച്ചവടസംഘം രക്ഷപ്പെട്ടു. കൂടെയുള്ള മുഴുവൻ പേരും പിന്തിരിപ്പിച്ചിട്ടും കേൾക്കാതെ അബൂജഹൽ ബദ്റിലേക്ക് വന്നു. മുസ്‌ലിംകൾയുദ്ധത്തിന് നിർബന്ധിതരായി. ബദ്ർ നടന്നു.

➢ ബദ്ർ കേവലം ഒരു പോരാട്ടമല്ല. യുദ്ധങ്ങളിലെ വലിയ യുദ്ധം മാത്രവുമല്ല. ഇസ്‌ലാമിന് നിലനിൽപ്പുണ്ടാക്കിയ മഹാസംഭവമാണ്.

ബദ്ർ വിജയിച്ചില്ലായിരുന്നുവെങ്കിൽ ഇസ്ലാമും മുസ്‌ലിംകളും അവിടെവച്ച് അവസാനിച്ചു പോയേനെ. പിന്നീട് ലോകത്ത് ദീൻ ഉണ്ടാകുമായിരുന്നില്ല. ബദ്റിന്റെ തലേന്ന് രാത്രി നബി(സ്വ) നടത്തിയ ദുആ ഇതിന്റെ വ്യക്തമായ തെളിവാണ്.

عن بْنِ عَبَّاسٍ قَالَ حَدَّثَنِي عُمَرُ بْنُ الْخَطَّابِ قَالَ لَمَّا كَانَ يَوْمُ بَدْرٍ نَظَرَ رَسُولُ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ إِلَى الْمُشْرِكِينَ وَهُمْ أَلْفٌ وَأَصْحَابُهُ ثَلَاثُ مِائَةٍ وَتِسْعَةَ عَشَرَ رَجُلًا فَاسْتَقْبَلَ نَبِيُّ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ الْقِبْلَةَ ثُمَّ مَدَّ يَدَيْهِ فَجَعَلَ يَهْتِفُ بِرَبِّهِ اللَّهُمَّ أَنْجِزْ لِي مَا وَعَدْتَنِي اللَّهُمَّ

آتِ مَا وَعَدْتَنِي اللَّهُمَّ إِنْ تُهْلِكْ هَذِهِ الْعِصَابَةَ مِنْ أَهْلِ الْإِسْلَامِ لَا تُعْبَدْ فِي الْأَرْضِ (مسلم) (مَعني يَهْتِفُ بِرَبِّهِ: يَصِيحُ وَيَسْتَغِيثُ بِاللَّهِ بِالدُّعَاءِ)

അപ്പോൾ ബദ്റിന്റെ വിജയമാണ് ഭൂമിയിൽ ദീനും മുസ്‌ലിംകളും നിലനിൽക്കാൻ കാരണം. ബദ്‌രീങ്ങൾ വഴിയാണ് ഇസ്‌ലാം ലോകത്ത് നിലനിന്നത്. ഇന്നും നിലനിൽക്കുന്നത്.

➢ യഥാർത്ഥത്തിൽ ലോകം തന്നെ നശിക്കാതെ നിലനിന്നതിന് ബദ്‌രീങ്ങൾ കാരണക്കാരായി. കാരണം ദീൻ പൂർണ്ണമായി നശിച്ചാൽ പിന്നെ ലോകം നിലനിൽക്കില്ല.

عن أنسٍ، أنَّ رَسُولَ اللهِ صَلَّى اللهُ عَلَيْهِ وَسَلَّمَ قَالَ: لا تَقُومُ السّاعَةُ حتَّى لا يُقَالَ في الأرضِ: اللهُ، اللهُ (مسلم)

അപ്പോൾ ലോകം നിലനിന്നത് ഇസ്‌ലാം കൊണ്ടാണ്. ഇസ്‌ലാം നിലനിന്നത് ബദ്‌രീങ്ങളെ കൊണ്ടാണ്. അത്രവലിയ സേവനമാണ് അവർ ചെയ്തത്.

➢ അതുകൊണ്ട് തന്നെ മനുഷ്യവംശത്തിൽ പ്രവാചകന്മാർ കഴിഞ്ഞാൽ അടുത്ത സ്ഥാനവും പദവിയും ബദ്‌രീങ്ങൾക്കാണ്.

عَنْ مُعَاذِ بْنِ رِفَاعَةَ عَنْ أَبِيهِ وَكَانَ أَبُوهُ مِنْ أَهْلِ بَدْرٍ قَالَ جَاءَ جِبْرِيلُ إِلَى النَّبِيِّ (ص) فَقَالَ مَا تَعُدُّونَ أَهْلَ بَدْرٍ فِيكُمْ قَالَ مِنْ أَفْضَلِ الْمُسْلِمِينَ أَوْ كَلِمَةً نَحْوَهَا قَالَ وَكَذَلِكَ مَنْ شَهِدَ بَدْرًا مِنَ الْمَلَائِكَةِ (بخاري)

ഇവിടെ രണ്ട് കാര്യം ശ്രദ്ധേയമാണ്. 1) മുസ്‌ലിം എന്നു പറയുന്നവർ ലോകത്ത് ആരൊക്കെ എവിടെയൊക്കെ എപ്പോഴൊക്കെ ഉണ്ടായിട്ടുണ്ടോ അവരിൽ എല്ലാം ശ്രേഷ്ഠത ബദ്‌രീങ്ങൾക്കാണ്.
2) മലക്കുകളുടെ അവസ്ഥയും അതു തന്നെ. കോടാനുകോടി മലക്കുകളിൽ ഏറ്റവും ശ്രേഷ്ടത ബദ്റിൽ പങ്കെടുത്തവർക്കാണ്.

➢ ഒറ്റവാക്കിൽ: മണ്ണിലും വിണ്ണിലും ബദ്‌രീങ്ങളെക്കാൾ ശ്രേഷ്ഠരില്ല. അല്ലാഹു കൊടുത്ത പദവി നാമും വകവെച്ചു കൊടുക്കണം. അല്ലാഹു ഉയർത്തിയവരെ നാമും ഉയർത്തണം. അവൻ ബഹുമാനിച്ചവരെ നാമും ബഹുമാനിക്കണം.

ഹാതിബ് ബ്നു അബീ ബൽതഅത്(റ) ന്റെ ചരിത്രം ചിന്തിക്കുക. അദ്ദേഹം തന്റെ കുടുംബക്കാരായ മക്കക്കാർക്ക് കത്തയച്ചു. അതിൽ നബി

(സ്വ) യുടെ സൈനീക നീക്കത്തെ സൂചിപ്പിച്ചിരുന്നു. ജീബ്‌രീൽ (അ) അറിയിച്ചതനുസരിച്ച് കത്ത് പിടിക്കപ്പെട്ടു.

عَنْ عُبَيْدِ اللَّهِ بْن أَبِي رَافِعٍ سَمِعْتُ عَلِيًّا وَهُوَ يَقُولُ بَعَثَنَا رَسُولُ اللَّهِ (ص) أَنَا وَالزُّبَيْرَ وَالْمِقْدَادَ فَقَالَ ائْتُوا رَوْضَةَ خَاخٍ فَإِنَّ بِهَا ظَعِينَةً مَعَهَا كِتَابٌ فَخُذُوهُ (مسلم)

ആ കേസിന്റെ വിസ്താരശേഷം അദ്ദേഹത്തെ വെറുതെ വിട്ടുകൊണ്ട് നബി(സ്വ) പ്രഖ്യാപിച്ചു.

فَقَالَ عُمَرُ دَعْنِي يَا رَسُولَ اللَّهِ أَضْرِبْ عُنُقَ هَذَا الْمُنَافِقِ فَقَالَ إِنَّهُ قَدْ شَهِدَ بَدْرًا وَمَا يُدْرِيكَ لَعَلَّ اللَّهَ اطَّلَعَ عَلَى أَهْلِ بَدْرٍ فَقَالَ اعْمَلُوا مَا شِئْتُمْ فَقَدْ غَفَرْتُ لَكُمْ (مسلم)

ഈ പ്രസ്താവന ബദ്‌രീങ്ങളെകുറിച്ചല്ലാതെ വന്നിട്ടില്ല.

➢ വീണ്ടും ഒരു ബദ്ർദിനം വരുമ്പോൾ നാം അവരെ സ്മരിക്കണം. മദ്ഹ് പറയണം. മൗലിദ് ഓതണം.

وعن ابن عيينة قال عِنْدَ ذِكْرِ الصَّالِحِينَ تَنْزِلُ الرَّحْمَةُ (صفة الصفوة)

അവർ പോയ സ്വർഗ്ഗത്തിൽ എത്താൻ റമളാനിന്റെ ഇനിയുള്ള ദിവസങ്ങളിൽ ശ്രമിക്കണം. ലൈലത്തുൽ ഖദ്ർ, ഇഅ്തികാഫ് എന്നിവ സൂചിപ്പിക്കുക.

∆ ∆ ∆